No. of Printed Pages : 5 **BMYLA-135**

# B.A GENERAL (BAG)

# Term-End Examination

# December, 2023

**BMYLA-135: Modern Indian Language : Malayalam**

*Duration : 3 Hours* *Maximum Marks: 100*

പ്രിന്റഡ് പേജുകളുടെ എണ്ണം: 5 **BMYLA-135**

## ബി.എ. ജനറല്.

### ടേം-അവസാന പരീക്ഷ

### ഡിസംബർ - 2023

**BMYLA-135: മോഡേണ് ഇന്ത്യന് ലാംഗ്വേജ്: മലയാളം.**

*സമയം: 3 മണിക്കൂർ* *പരമാവധി മാർക്ക്: 100*

സൂചനകൾ:

1. എല്ലാ ചോദ്യങ്ങൾക്കും നിർദേശാനുസരണം ഉത്തരമെഴുതുക.
2. വ്യക്തതയും വാക്കുകളുടെ പരിധിയും പാലിക്കുക.

P. T. O.



I താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 10x2=20

1. ശബ്ദം അഥവാ പ്രകൃതി എന്നാൽ എന്ത്?
2. മലയാളത്തിലെ ആദ്യത്തെ മഹാകാവ്യം ഏതാണ്? അത് രചിച്ചതാര്?
3. മൂന്നു തരം തുള്ളലുകൾ ഏവ?
4. ദീപാളി കുളിക്കുക എന്ന ശൈലിയുടെ അർത്ഥമെന്ത്?
5. മലയാളത്തിലെ പ്രധാനപ്പെട്ട രണ്ട് സ്ത്രീപക്ഷ എഴുത്തുകാരികളുടെ പേരെഴുതുക
6. വാക്യശുദ്ധി വരുത്തുക:

   ഈ പദ്ധതിയിൽ പരമാവധി പത്തു ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്നതാണ്.
7. ട്രാൻസ്‌ലേഷൻ എന്ന അർത്ഥത്തിൽ മലയാളത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ ഏതെല്ലാമാണ്?
8. പാട്ടിന് ലീലാതിലകം നൽകുന്ന ലക്ഷണം എന്താണ്?
9. രാമായണകഥയെ അടിസ്ഥാനമാക്കി സി.എൻ. ശ്രീകണ്ഠൻ നായർ രചിച്ച മൂന്ന് നാടകങ്ങൾ ഏതെല്ലാം?
10. To carry coal to New Castle – ഇതിന് തത്തുല്യമായ മലയാളം പഴഞ്ചൊല്ല് ഏതാണ്?

II. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക: 4x5=20

11. പനയോല, നന്മണി - പിരിച്ചെഴുതി സന്ധി നിർണയിക്കുക.
12. പൂർണ്ണവിരാമ ചിഹ്നത്തിൻറെ പ്രയോഗ സാഹചര്യങ്ങൾ വ്യക്തമാക്കുക.
13. നേപ്പാളിലെ നേവാരികളെക്കുറിച്ച് എസ്.കെ. പൊറ്റെക്കാട്ട് നൽകുന്ന വിവരണം എന്താണ്?
14. മാർഗ്ഗംകളി - കുറിപ്പെഴുതുക.
15. 'കോലാട്' എന്ന കഥയുടെ പ്രമേയമെന്ത്?
16. സിനിമാ നിർമ്മാണത്തിൽ ചിത്രസംയോജന (Editing) ത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുക.
17. ഗംഗാനദി മരിച്ചുകൊണ്ടിരിക്കുകയാണ് എന്നു പറയുന്നതിന് അടിസ്ഥാനമെന്ത്?

III. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക: 4x8=32

18. സമാസം എന്നാൽ എന്ത്? എത്രവിധം? ഓരോന്നിനെക്കുറിച്ചും ലഘുവിവരണം നൽകുക.
19. ദുര്യോധനന്റെ മൃതശരീരം കണ്ട ഗാന്ധാരി എന്തെല്ലാം പറഞ്ഞാണ് വിലപിക്കുന്നത്?
20. "നളനു വേറെ കർമ്മം നമുക്കു കർമ്മം വേറെ" - വക്താവ്, സന്ദർഭം, ആശയം ഇവ വിശദമാക്കുക.





21. 'മയ്യഴിപ്പുഴയുടെ തീരങ്ങളി' ലെ ഉത്തമന്റെ മരണം സംഭവിച്ചത് എങ്ങനെയാണ്?
22. മലയാളി മെമ്മോറിയൽ പ്രക്ഷോഭത്തിൽ സി.വി. രാമൻപിള്ള വഹിച്ച പങ്കെന്ത്?
23. മുടിയേറ്റിന്റെ അനുഷ്ഠാനപരമായ ചടങ്ങുകൾ എന്തെല്ലാമാണ്?

IV. താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ഉപന്യാസം രൂപത്തിൽ) 2x10=20

24. മലയാള ഭാഷയുടെ ഉൽപ്പത്തിയുമായി ബന്ധപ്പെട്ട് എ.ആർ. രാജരാജവർമ്മ അവതരിപ്പിച്ച സിദ്ധാന്തത്തെക്കുറിച്ച് വിവരിക്കുക.
25. 'ഇന്ദുലേഖ'യിലെ സൂര്യ നമ്പൂതിരിപ്പാടിന്റെ സ്വഭാവ സവിശേഷതകൾ നിരൂപണം ചെയ്യുക.
26. "നവഖലി സമീപത്താണ്, സബർമതി ദൂരെയാണ്" - ഈ വാക്യത്തിലെ ധ്വനി എന്താണ്? സബർമതി ദൂരെയാണ് എന്ന നാടകത്തിൽ അതെത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് പരിശോധിക്കുക.
27. കൂത്ത്, കൂടിയാട്ടം, കഥകളി എന്നീ ക്ഷേത്ര കലാരൂപങ്ങളെക്കുറിച്ച് വിവരണക്കുറിപ്പുകൾ തയ്യാറാക്കുക.

V. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക: 1x8=8

Among those who are to be revered, the Vedas give the pride of place to one's mother. Even the

father and teacher who are responsible for imparting knowledge come only next. The reason for this is not far to seek. A mother's love for her children is selfless and in fact, it is her children's well being that she places above all her concerns and she considers no sacrifice great for the sake of her children. It is not possible to recompense a mother's love in any manner, and the scriptures have stressed that every individual has to discharge his debt to his mother in always possible.